KERALA HEALTH RESEARCH & WELFARE SOCIETY
(An Institution fully owned by the Government of Kerala)

Ref : ............................ Date : ..........................

# നോട്ടീസ്

കോട്ടയം മെഡിക്കൽ കോളേജിനോടനുബന്ധിച്ചുള്ള കെ.എച്ച്.ആർ.ഡബ്ല്യു.എസ കെട്ടിടത്തിൽ ഒരുക്കിയിട്ടുള്ള സ്ഥലത്ത് കാന്റീൻ നടത്തുന്നതിനായി താൽപര്യപത്രം ക്ഷണിക്കുന്നത് സംബന്ധിച്ച്

സർക്കാർ ആശുപത്രികളിൽ എത്തിച്ചേരുന്ന രോഗികൾക്ക് മെച്ചപ്പെട്ട സേവനങ്ങൾ ലഭ്യമാക്കുന്നതിന് വേണ്ടി കേരള സർക്കാർ ഉടമസ്ഥതയിലും നിയന്ത്രണത്തിലും ആരംഭിച്ച സ്ഥാപനമാണ് കെ.എച്ച്.ആർ.ഡബ്ല്യു.എസ്. കെ.എച്ച്.ആർ.ഡബ്ല്യു.എസ്-ന്റെ ഉടമസ്ഥതയിൽ കോട്ടയം മെഡിക്കൽ കോളേജിനോടനുബന്ധിച്ച് കാന്റീൻ പ്രവർത്തിപ്പിക്കുന്നതിനായി സ്ഥലം ഒരുക്കിയിട്ടുണ്ട്..

കോട്ടയം മെഡിക്കൽ കോളേജിനോടനുബന്ധിച്ച് കെ.എച്ച്.ആർ.ഡബ്ല്യു.എസ് ഉടമസ്ഥതയിൽ കാന്റീനിന് അനുയോജ്യമായ 917sqft ഏരിയ (330sqft ഏരിയയിൽ ഗ്യാസ് അടുപ്പ് ഉപയോഗിക്കുന്നതിനുള്ള കിച്ചൺ സംവിധാനവും പാർസൽ കൗണ്ടറും,457 sqft ഏരിയയിൽ ഡയനിംഗും,130 sqft ഏരിയ Pantry Counter-ഉം) ഉള്ള സ്ഥലം ഒരുക്കിയിട്ടുണ്ട്. കാന്റീൻ നടത്താൻ പ്രവൃത്തി പരിചയമുള്ള വ്യക്തികളിൽ നിന്നും താൽപര്യ പത്രം ക്ഷണിക്കുന്നു.

താൽപര്യമുള്ളവർ 05/09/2024-നുള്ളിൽ **മാനേജിംഗ് ഡയറക്ടർ, കെ.എച്ച്.ആർ. ഡബ്ല്യു.എസ്.**, ജനറൽ ആശുപത്രി ക്യാമ്പസ്, റെഡ് ക്രോസ്സ് റോഡ്, തിരുവനന്തപുരം എന്ന വിലാസത്തിൽ താൽപര്യ പത്രം സമർപ്പിക്കേണ്ടതാണ്.നിബന്ധനകളും സൗകര്യങ്ങളും സംബന്ധിച്ച വിശദ വിവരങ്ങൾ ഇതോടൊപ്പം നൽകുന്നു.

**മാനേജിംഗ് ഡയറക്ടർ**

"ഭരണഭാഷ മാതൃഭാഷ"

KHRWS

# കേരള ഹെൽത്ത് റിസർച്ച് & വെൽഫെയർ സൊസൈറ്റി

(ഒരു കേരള സർക്കാർ സ്ഥാപനം)

DB2-4717/2024-25/KHRWS 21-08-2024

നമ്പർ : ................................ തീയതി : ..........................................

## നിബന്ധനകൾ

കോട്ടയം മെഡിക്കൽ കോളേജിനോടനുബന്ധിച്ച് കെ.എച്ച്.ആർ.ഡബ്ല്യു.എസ് ഉടമസ്ഥതയിൽ കാന്റീനിന് അനുയോജ്യമായ 917sqft ഏരിയ (330sqft ഏരിയയിൽ ഗ്യാസ് അടുപ്പ് ഉപയോഗിക്കുന്നതിനുള്ള കിച്ചൺ സംവിധാനവും പാർസൽ കൗണ്ടറും,457 sqft ഏരിയയിൽ ഡയനിംഗും,130 sqft ഏരിയ Pantry Counter-ഉം) ഉള്ള സ്ഥലം ഉണ്ട്. പ്രസ്തുത സ്ഥലം മെഡിക്കൽ കോളേജിൽ എത്തിച്ചേരുന്ന രോഗികൾക്കും,കൂട്ടിരിപ്പുകാർക്കും,ജീവനക്കാർക്കും ഉപയോഗപ്രദമായ വിധത്തിൽ ഒരു കാന്റീൻ നടത്തുന്നതിന് വാടകയും സെക്യൂരിറ്റി ഡെപ്പോസിറ്റും ഈടാക്കി നിബന്ധനകളോടെ നടത്തിപ്പിന് നൽകാൻ ഉദ്ദേശിക്കുന്നു. കാന്റീൻ നടത്താൻ പ്രവൃത്തി പരിചയമുള്ള വ്യക്തികൾ സ്ഥലം പരിശോധിച്ച് പ്രതിമാസ വാടക സംബന്ധിച്ച ധാരണയോടെ താൽപര്യപത്രം സമർപ്പിക്കേണ്ടതാണ്. ലഭിക്കുന്ന വ്യക്തി ചുവടെ പറയുന്ന നിബന്ധനകൾ പാലിച്ചിരിക്കണം.

(i) ഭക്ഷ്യ സുരക്ഷാ വകുപ്പിന്റെ ഫുഡ് സേഫ്റ്റി സർട്ടിഫിക്കറ്റ്,ലൈസൻസ് എന്നിവ നിർബന്ധമായും എടുത്തിരിക്കണം.

(ii) ശുചിത്വം കർശനമായി പാലിക്കേണ്ടതും കാന്റീൻ ജീവനക്കാർക്ക് ഹെൽത്ത് കാർഡ് ലഭ്യമാക്കേണ്ടതുമാണ്.

(iii) ടെൻഡർ എടുക്കുന്ന വ്യക്തി കേരളാ വാട്ടർ അതോറിറ്റിയുടെ വാട്ടർ കണക്ഷൻ എടുക്കേണ്ടതും വാട്ടർ ചാർജ് കൃത്യമായും അടച്ച് രസീത് റീജിയണൽ ഓഫീസിൽ സമർപ്പിക്കേണ്ടതും ആണ്.

(iv) മീറ്റർ റീഡിങ് അനുസരിച്ചുള്ള കറണ്ട് ബിൽ കൃത്യമായി യഥാ സമയം റീജിയണൽ ഓഫീസിൽ അടച്ച് രസീത് കൈപ്പറ്റേണ്ടതാണ്.

(v) ഓഫീസ് പ്രവർത്തിക്കുന്ന സമയത്ത് കാന്റീൻ കെട്ടിടം കണ്ട് ബോധ്യപ്പെടുന്നതിന് അവസരം നൽകുന്നതാണ്. ഇതിനായി കെ.എച്ച്.ആർ.ഡബ്ല്യു.എസ്-ന്റെ പേവാർഡ് കെട്ടിടത്തിൽ പ്രവർത്തിക്കുന്ന കോട്ടയം റീജിയണൽ ഓഫീസിൽ ബന്ധപ്പെടേണ്ടതാണ്

(vi) ആശുപത്രി / പേവാർഡ് ജീവനക്കാർക്ക് പരസ്പര ധാരണയോടെ നിശ്ചയിക്കുന്ന കുറഞ്ഞ നിരക്കിൽ ഭക്ഷണം നൽകേണ്ടതാണ്.

രജിസ്റ്റേർഡ് ഓഫീസ് : ജനറൽ ആശുപത്രി ക്യാമ്പസ്, റെഡ്ക്രോസ് റോഡ്, തിരുവനന്തപുരം - 695 035
ടെലിഫോൺ : 0471 2306623, ടെലി. ഫാക്സ് : 0471 2304012, ഇമെയിൽ : mdkhrws2018@gmail.com

(vii) പേവാർഡ് മുറികളിൽ / ആശുപത്രി സൂപ്രണ്ട് നിർദ്ദേശിക്കുന്ന മറ്റു ഇടങ്ങളിൽ അടപ്പുള്ള പാത്രത്തിൽ ഭക്ഷണം എത്തിച്ചു നൽകുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

(viii) കാന്റീൻ ജീവനക്കാർക്ക് യൂണിഫോം, നെയിം പ്ലേറ്റ് എന്നിവ ഉണ്ടായിരിക്കണം.

(ix) കാന്റീനിലെ മാലിന്യം ആശുപത്രി സൂപ്രണ്ടിന്റെ നിർദ്ദേശങ്ങൾക്കനുസൃതമായി കൃത്യമായും നീക്കം ചെയ്യുകയും പരിസരം വൃത്തിയായി സൂക്ഷിക്കുകയും വേണം.

(x) കാന്റീൻ-ന്റെ പ്രവർത്തനത്തിന് ആവശ്യമായ ഫർണിച്ചറുകൾ,പാത്രങ്ങൾ, മറ്റ് സാധനങ്ങൾ തുടങ്ങിയവ ക്വാട്ട് ചെയ്യുന്ന വ്യക്തികൾ ഒരുക്കേണ്ടതാണ്.

(xi) കെ.എച്ച്.ആർ.ഡബ്ല്യു..എസ്സുമായി 3 വർഷത്തെ കരാർ ഉടമ്പടിയിൽ ഏർപ്പെടേണ്ടതാണ്

(xii) കാന്റീൻ കെട്ടിടത്തിന് കേടുപാടുകൾ / മാറ്റങ്ങൾ വരുത്തരുത്. ഇതിന് വിരുദ്ധമായ കാര്യങ്ങൾ സംഭവിച്ചാൽ കെ.എച്ച്.ആർ.ഡബ്ല്യു.എസ് നിശ്ചയിക്കുന്ന നഷ്ടപരിഹാരം നടത്തിപ്പുകാരനിൽനിന്നും ഈടാക്കുന്നതായിരിക്കും.

(xiii) കാന്റീനിൽ ലഹരി പദാർത്ഥങ്ങളും പുകയില ഉൽപ്പന്നങ്ങളും ഉപയോഗിക്കാനും വിൽക്കാനും പാടില്ല.

(xiv) കിച്ചണിൽ സുരക്ഷാ മാനദണ്ഡം പാലിച്ചുകൊണ്ട് Fire Extinguisher ഉപയോഗിക്കേണ്ടതാണ്

(xv) ഭക്ഷണത്തിന്റെ ക്വാളിറ്റി, അളവ്, നിരക്കുകൾ എന്നിവ സംബന്ധിച്ച് കരാർ ലഭിക്കുന്നയാൾ ആശുപത്രി സൂപ്രണ്ടുമായും കെ.എച്ച്.ആർ.ഡബ്ല്യു.എസ് മാനേജിംഗ് ഡയറക്ടറുമായും ധാരണയിലെത്തണം.

(xvi) മേൽ നിബന്ധനകൾ പാലിക്കാത്ത പക്ഷം കരാർ നിരുപാധികം റദ്ദാക്കാനും പ്രവർത്തന നടപടി നിർത്തി വെക്കാനും കെ.എച്ച്.ആർ.ഡബ്ല്യു.എസ് മാനേജിംഗ് ഡയറക്ടർക്ക് പൂർണ്ണ അധികാരം ഉണ്ടായിരിക്കും.

വിശ്വസ്തതയോടെ,

മാനേജിംഗ് ഡയറക്ടർ